നിര്യാണം നമ്മുടെ പൊതുജീവിതത്തിൽ വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

IV. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. പി.കെ.കെ. ബാവ</u> : സർ, സംസ്ഥാനത്ത് പുതിയതായി സ്കൂളുകൾ അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ. ഭരണഘടന അനുശാസിക്കുന്നത് സൗജന്യവും നിർബന്ധിതവുമായ പ്രൈമറി വിദ്യാഭ്യാസമാണ്. ഈ രംഗത്ത് സംസ്ഥാനം വളരെ മുന്നോട്ടു പോയിയെങ്കിലും ഗ്രാമീണ വിദ്യാഭ്യാസമേഖലയിൽ നാം ഇന്നും വളരെ പിന്നിലാണ്. വിശേഷിച്ചും പിന്നോക്ക-ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരു സ്കൂൾ എന്നതാണ് സർക്കാർ നയം. എന്നാൽ എല്ലാ പഞ്ചായത്തിലും ഹൈസ്കൂളുകൾ ഇല്ല. ഉദാഹരണത്തിന് എന്റെ മണ്ഡലത്തിലെ ചെറുകാവ് പഞ്ചായത്ത് തന്നെ എടുക്കാം. സമീപത്തുള്ള പുളിക്കൽ പഞ്ചായത്തിലെ ഹൈസ്കൂൾ കെട്ടിടത്തിന്റെ ഓഫീസ് ചെറുകാവ് പഞ്ചായത്തിലായതുകൊണ്ടാണ് ചെറുകാവ് പഞ്ചായത്തിന് ഹൈസ്കൂൾ ലഭിക്കാതിരിക്കാൻ കാരണമായത്. തെങ്ങിനും കമുകിനും ഒരേ തളപ്പ് പോര. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്നത് ശാസ്ത്രീയ സമീപനമല്ല. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും വിസ്തൃതിയും ജനസംഖ്യയുമെല്ലാം പരിഗണിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിനെക്കുറിച്ചും പ്രത്യേകം പഠിച്ച് ആവശ്യമായ സ്കൂളുകൾ അനുവദിക്കണം. കിലോമീറ്ററുകൾ താണ്ടിവേണം പല സ്ഥലത്തും എൽ.പി. സ്കൂളുകളിലെത്താൻ, അതുപോലെ യു.പി. സ്കൂളുകളിലും അഞ്ചാറ് കിലോമീറ്റർ നടന്നുവേണമെത്താൻ. കോഴിക്കോട് ജില്ലയിൽ മേളം പഞ്ചായത്തിൽ ചെറുകുന്ന് ഗവൺമെന്റ് യു.പി. സ്കൂളിൽ ഇടിമിന്നലേറ്റ് ഒരു അദ്ധ്യാപികയും നാല് വിദ്യാർത്ഥികളും മരണപ്പെട്ട വാർത്ത ബഹുമാനപ്പെട്ട മന്ത്രി ഓർക്കുന്നുണ്ടാകും. ആ പ്രദേശത്ത് ഏതാണ്ട് 8 കിലോമീറ്റർ വേറെ യു.പി. സ്കൂളുകൾ ഒന്നും ഇല്ലാത്തതുകൊണ്ട് കിലോമീറ്ററുകൾ നടന്നാണ് ഈ യു.പി. സ്കൂളിൽ വിദ്യാർത്ഥികൾ എത്തുന്നത്. ആ പ്രദേശത്തെ ജനങ്ങൾ അവിടെ ഒരു യു.പി. സ്കൂൾ പുതിയതായി അനുവദിക്കണമെന്ന ആവശ്യവുമായി രംഗത്ത് വന്നിട്ടുണ്ട്. പിന്നോക്ക പ്രദേശങ്ങൾക്കും പിന്നോക്ക മേഖലയ്ക്കും പ്രത്യേക പരിഗണന നൽകണം. എന്നാൽ ഗവൺമെന്റ് പിന്നോക്ക വിഭാഗങ്ങളെ നുള്ളിനോവിക്കുകയാണ്. ഇപ്പോൾത്തന്നെ പ്ലസ് ടൂ അനുവദിച്ചതിൽ അർഹമായ പരിഗണന നൽകിയില്ല. പ്ലസ് ടൂ 16 സ്കൂളുകൾക്ക് നൽകുമെന്ന് പറഞ്ഞു, അതും

LIBRARY ARCHIVES Kerala Legislative Assembly

നൽകിയില്ല. എല്ലാം വാഗ്ദാനങ്ങൾ മാത്രം. ഞാൻ ഒരു കഥ വായിച്ചിട്ടുണ്ട്. നാട്ടിൽ ഭക്ഷണം നൽകാൻ സാധിക്കാതെ വന്നതിനാൽ ജനം പ്രക്ഷോഭണത്തിനിറങ്ങി. പ്രക്ഷോഭണം ശക്തിയായപ്പോൾ കിട്ടിക്കൊണ്ടിരുന്ന കുടിവെള്ളവും രാജാവ് നിറുത്തലാക്കി. പിന്നീട് ജനങ്ങൾ വെള്ളത്തിനുവേണ്ടി മുറവിളിയായി, അതിനെത്തുടർന്ന് വെള്ളം പുനഃസ്ഥാപിച്ചുകൊടുത്തു, ജനങ്ങൾ സന്തോഷത്തോടെ പിരിഞ്ഞുപോയി, ഇതാണ് കഥ. അതുപോലെ ഈ ഗവൺമെന്റും - ഞാൻ ഗവൺമെന്റിനെയാണ് പറയുന്നത്, ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ചല്ല- 1980-ൽ നായനാർ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഭാഷാ പ്രശ്നം സൃഷ്ടിച്ചു, പ്രക്ഷോഭം വന്നപ്പോൾ അത് ഉപേക്ഷിച്ചു. ഇപ്പോൾ വിദ്യാഭ്യാസ സമീപനരേഖ കൊണ്ടുവന്നു. പ്രക്ഷോഭണം വരുമെന്ന് തോന്നിയപ്പോൾ ഇതിലും മാറ്റം വരുത്താൻ തയ്യാറായി, സന്തോഷം. ഇങ്ങനെ ഉള്ള അവകാശങ്ങൾ ഹനിക്കാൻ ശ്രമിക്കുകയും എതിർപ്പ് വരുമ്പോൾ അത് പുനഃസ്ഥാപിച്ചുകൊടുക്കുകയും ചെയ്യുകയല്ലാതെ പുതിയതായി വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗത്തിന് ഈ സർക്കാർ ഒന്നും ചെയ്യുന്നില്ല. അതുകൊണ്ട് ഈ വിഭാഗത്തോടുള്ള അവഗണന അവസാനിപ്പിക്കണം. ആവശ്യമായ വിദ്യാലയങ്ങളും അനുവദിക്കണം. 1980-നുശേഷം നമ്മുടെ സംസ്ഥാനത്ത് കാര്യമായി സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല. ചിലയിടങ്ങളിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ കൈയിൽ ഇതുസംബന്ധിച്ച് ഒരു പഠനറിപ്പോർട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്നുകിൽ അതനുസരിച്ച് പുതിയ സ്കൂളുകൾ അനുവദിക്കാൻ തയ്യാറാകണം. അല്ലെങ്കിൽ പുതിയ സർവ്വേനടത്തി രണ്ട് കിലോമീറ്ററിൽ ഒരു എൽ.പി. സ്കൂൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പം തന്നെ നിശ്ചിതദൂരത്തിൽ യു.പി. സ്കൂളുകളും ഹൈസ്കൂളുകളും ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മോശമായ സാമ്പത്തികനിലയാണ് സർക്കാർ സ്കൂളുകൾ അനുവദിക്കുന്നതിന് തടസ്സമായ കാരണമായി പലപ്പോഴും പറയുന്നതത്. എന്നാൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ സാമ്പത്തികം വലിയ പ്രശ്നമാവുകയില്ല എന്നാണ്. എന്തുകൊണ്ടെന്നാൽ രണ്ടായിരത്തിലധികം പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. അവരെ നമുക്ക് പുതിയതായി അനുവദിക്കുന്ന സ്കൂളുകൾക്കുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. അതുമാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പി.ടി.എ. കമ്മിറ്റികളും കെട്ടിടം നിർമ്മിക്കാൻ തയ്യാറുമാണ്. അവരുടെ സന്നദ്ധതയും നമുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇല്ലെങ്കിൽ സ്വകാര്യമേഖലയിലും സ്കൂളുകൾ അനുവദിക്കാവുന്നതാണ്. പഴയ ബുദ്ധിമുട്ടുകൾ സ്വകാര്യമേഖലയിൽ ഇപ്പോൾ സ്കൂളുകൾ അനുവദിക്കുന്നതിൽ ഇല്ലായെന്നുള്ള കാര്യംകൂടി ഈ സമയത്ത് അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്. അതുകൊണ്ട് സ്വകാര്യമേഖലയിലും സ്കൂളുകൾ അനുവദിക്കാവുന്നതാണ്. ഗ്രാമീണമേഖലയിൽ വിദ്യാഭ്യാസരംഗത്ത് പുത്തൻ ഉണർവോടുകൂടി ജനങ്ങൾ രംഗത്തുവരുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനുള്ളതാണ്. ഈ ഉത്തരവാദിത്വം നിറവേറ്റണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ആവശ്യമുള്ള എല്ലാ പ്രദേശങ്ങളിലും സ്കൂളുകൾ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പുതിയ സ്കൂളുകൾ അനുവദിക്കുന്ന പ്രശ്നം സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പൊതുവിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് സ്കൂൾ വിദ്യാഭ്യാസരംഗത്ത് ആദ്യവർഷം ചില പഠനങ്ങൾ നടത്തി ഒരു തീരുമാനം എടുത്തു. ഒരു ഹൈസ്കൂളും ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ട്, ആ പഞ്ചായത്തുകളിൽ ഓരോ ഹൈസ്കൂൾ അനുവദിക്കും എന്ന് മന്ത്രിസഭ തീരുമാനമെടുത്തു. അത് പ്രധാനമായും ഇടുക്കി, പാലക്കാട് ജില്ലകളിലാണ് ഉണ്ടായിരുന്നത്. അവിടെ ഹൈസ്കൂളുകൾ ആരംഭിച്ചു. അതുപോലെ പാലക്കാട് ജില്ലയിലെ ട്രൈബൽ ഏരിയായിലും ഒരു ഹൈസ്കൂൾ കൂടി പുതുതായി അനുവദിച്ചു. മറ്റ് സ്കൂളുകളെ സംബന്ധിച്ച് ചർച്ചചെയ്തപ്പോൾ പ്രയോറിറ്റി പ്രീഡിഗ്രി ഡീലിങ്കിംഗിന് കൊടുക്കണമെന്ന് തീരുമാനിച്ചു. വളരെ ക്കാലമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന ഒരു പ്രശ്നമാണ് അത്. അതു സംബന്ധിച്ച് നയപരമായ പ്രഖ്യാപനം ഗവർണർ നടത്തി ഗവൺമെന്റ് തീരുമാനമെടുത്തു. ആ ഡീലിങ്കിംഗ് പ്രോസസ് ആരംഭിച്ചു. മൂന്ന് കൊല്ലക്കാലം കൊണ്ട് കോളേജുകളിൽനിന്നും പ്രീഡിഗ്രി പരിപൂർണ്ണമായി വേർപ്പെടുത്തി സ്കൂളിന്റെ ഭാഗം ആക്കുക-അത് നടന്നുകൊണ്ടിരിക്കുകയാണ്. ഒട്ടേറെ സാമ്പത്തിക ബാധ്യത വരുന്ന കാര്യമാണ് പ്ലസ് ടു തുടങ്ങുക എന്നുള്ള കാര്യം. അതുകൊണ്ട് തൽക്കാലത്തേയ്ക്ക് സ്കൂളുകളുടെ കാര്യം മാറ്റിവച്ചു. പ്രയോറിറ്റി ഏത് എന്നുള്ളതാണ്. അങ്ങനെയാണ് സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇപ്പോൾ നടപടി സ്വീകരിക്കാത്തത്. പ്രീഡിഗ്രി ഡീലിങ്കിംഗിനുശേഷം ഈ കാര്യം പരിഗണിക്കുന്നതാണ്. പിന്നെ സ്കൂളുകൾ ഇല്ലാത്തതുകൊണ്ട് കുട്ടികൾ പോകുന്നില്ല എന്ന ഒരു സ്ഥിതി ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. ഗവൺമെന്റിന്റെ സാമ്പത്തിക ബാധ്യത പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഡി.പി.ഇ.പി. നടപ്പാക്കിയ 6 ജില്ലകളിൽ പ്രൈമറി സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് അനുവദിച്ച് വയനാടിൽ തുടങ്ങിക്കഴിഞ്ഞു. ഇടുക്കി, പാലക്കാട് ജില്ലകളിൽ ഈ വർഷം സ്കൂളുകൾ ആയിട്ടുണ്ട്. മറ്റു ജില്ലകളെ സംബന്ധിച്ച് ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് പരിഗണിക്കാൻ നിവൃത്തിയില്ല. പ്രീഡിഗ്രി ഡീലിങ്കിംഗിനുശേഷം സമഗ്രമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഇത് ചെയ്യാവുന്നതാണ്. പിന്നെ ചില പ്രത്യേക പഞ്ചായത്തുകളുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. ആ പഞ്ചായത്തുകളെ സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് വാങ്ങാം. പ്രത്യേക റിപ്പോർട്ട് വാങ്ങി സ്കൂൾ അനുവദിക്കുന്ന സമയത്ത് അതിന് മുൻഗണന കൊടുക്കുന്നതാണ്. 1980-നുശേഷം സ്കൂൾ അനുവദിച്ചിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. 1980-നുശേഷം ഗവൺമെന്റുകൾ മാറിമാറി വന്നു. 1982-ലെ ഗവൺമെന്റിന്റെ കാലത്ത് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. 1987-ൽ ഗവൺമെന്റ് വന്നു. 1991-ൽ ഗവൺമെന്റ് വന്നു. 5 കൊല്ലക്കാലം ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ ആൾതന്നെയായിരുന്നു മന്ത്രി. വിദ്യാഭ്യാസത്തിന്റെ വകുപ്പുകൂടി കൈകാര്യം ചെയ്ത മന്ത്രിയായിരുന്നു. ആ 5 കൊല്ലക്കാലവും സ്കൂളുകൾ അനുവദിച്ചിട്ടില്ല എന്നുള്ള പരാതി അദ്ദേഹം ഉന്നയിച്ചിരിക്കുകയാണ്. വളരെ ഗൗരവമായ ഒരു കാര്യമാണ് അത്. ആ 5 കൊല്ലക്കാലവും സ്കൂളുകൾ എന്തുകൊണ്ട് അനുവദിച്ചില്ല? ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. അതിന് അതിന്റേതായ കാരണങ്ങൾ കാണും. ശ്രീ. പി.കെ.കെ. ബാവയോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ആ കാലത്ത് അനുവദിക്കാതിരുന്നതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അതിന്റേതായ കാരണങ്ങൾ കാണും. ഈ ഗവൺമെന്റിന്റെ കാലത്ത് എന്തുകൊണ്ട് അനുവദിച്ചില്ല എന്ന് ഞാൻ പറയാൻ പോകുകയാണ്. ഒരു വസ്തുത പറഞ്ഞുവെന്നേയുള്ളൂ. അനുവദിക്കാതിരുന്നത്, ഇപ്പോൾ പ്രീഡിഗ്രി ഡീലിങ്കിംഗിനാണ് മുൻഗണന. പരാമർശന വേളയിൽ അദ്ദേഹം ഒന്നുകൂടി പറഞ്ഞു. എന്താണ്? പ്ലസ് ടു അനുവദിച്ചപ്പോൾ അതിന് പിന്നോക്കവിഭാഗങ്ങളോട് നീതി പുലർത്തിയില്ല എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ചുരുങ്ങിയ സമയം മാത്രമേ അതിനുവേണ്ടി വിനിയോഗിക്കുന്നുള്ളൂ. കണക്കുകൾ വളരെ വ്യക്തമല്ലേ? ഈ സംസ്ഥാനത്ത് നിലവിലുള്ള കോളേജുകൾ, നിലവിലുള്ള ഹൈസ്കൂളുകൾ, നിലവിലുള്ള കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപെടുത്തി നിലവിലുള്ള ഹൈസ്കൂളുകളിൽ അനുവദിക്കുന്നു. അല്ലാതെ പുതിയ സ്ഥാപനങ്ങളിലൊന്നുമല്ല. ഇവിടെ 2500 ഹൈസ്കൂളുകളുണ്ട്. അതിൽ ഏകദേശം ആയിരത്തി അറുന്നൂറോളം പ്രൈവറ്റ് സ്കൂളുകൾ ഉണ്ട്. ആവർത്തിച്ചു പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ആയിരത്തി അറുന്നൂറോളം പ്രൈവറ്റ് സ്കൂളുകളിൽ ക്രിസ്ത്യൻ മാനേജുമെന്റിന്റെ കീഴിലുള്ള എണ്ണൂറോളം സ്കൂളുകൾ. ആ എണ്ണൂറോളം സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചിരിക്കുന്നത് 110 സ്ഥലത്താണ്. ആവർത്തിച്ച് പറഞ്ഞതുകൊണ്ട് ഞാൻ പറയാൻ നിർബന്ധിതനായതാണ്. നിയമസഭയിൽ ഞാൻ ഇത് പറഞ്ഞിട്ടുള്ളതല്ല. ഹിന്ദു മാനേജുമെന്റിന്റെ കീഴിലുള്ള 450 സ്കൂളുകൾ. 107 സ്കൂളുകളിൽ അനുവദിച്ചു കൊടുത്തിരിക്കുന്നു. യഥാർത്ഥത്തിൽ ആനുപാതികമായി നോക്കിയാൽ മുസ്ലീം മാനേജ്മെന്റ് സ്കൂളുകളുടെ എണ്ണം നോക്കിയാൽ 40 സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചിരിക്കുന്നു. ഈഴവ മാനേജ്മെന്റിലുള്ള 100 സ്കൂളുകളിൽ 40 സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചിരിക്കുന്നു. എവിടെയാണ് അവഗണന? ഹൈക്കോടതി കേസ്സ് വന്നിട്ടുണ്ട്. പല വിഭാഗങ്ങളും അവിടെ കേസ്സ് കൊടുത്തിരിക്കുകയാണ്. ജാതിവച്ച് പറയാൻ പാടില്ല എന്നുള്ളതായിരുന്നു എന്റെ സമീപനം. ഞാൻ ഇതുവരെ പറഞ്ഞിട്ടില്ല. പക്ഷേ ആവർത്തിച്ച് പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നു. ഏറ്റവും വലിയ പരാതി ഹൈക്കോടതിയിൽ കൊടുത്തിരിക്കുകയാണ്. മന്ത്രി എന്ന നിലയിൽ ഞാനാണ് അവിടെ മറുപടി പറയേണ്ടത്. എല്ലാ വിഭാഗം ജനങ്ങളും കേസ്സ് കൊടുത്തിരിക്കുകയാണ്. ഇതിൽ എവിടെയാണ് അവഗണന? ഏറ്റവും വലിയ അവഗണന ഞങ്ങൾക്കാണ് എന്നുപറഞ്ഞ് ക്രിസ്ത്യൻ മാനേജുമെന്റ് എനിക്കെതിരെ പ്രമേയം പാസ്സാക്കുകയാണ്. നിങ്ങൾ പത്രത്തിൽ പ്രസ്താവന വായിക്കുന്നുണ്ടോ? ശരി എന്നു തോന്നുന്ന കാര്യവുമായി മുന്നോട്ടു പോവുകയാണ് ഗവൺമെന്റ്. എലിജിബിൾ ആയിട്ടുള്ള, കൊടുക്കാൻ കഴിയുന്ന മുഴുവൻ പിന്നോക്ക വിഭാഗക്കാർക്കും സ്കൂളുകൾ പരിശോധിച്ച് കൊടുത്ത ഒരു സമീപനമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. പ്രൊപ്പോർഷണേറ്റായിട്ട് നോക്കിയാൽ ഒരു അവഗണനയും പിന്നോക്ക വിഭാഗക്കാരോട് കാണിച്ചിട്ടില്ല. നിലവിലുള്ള സ്കൂളുകൾക്കല്ലേ കൊടുക്കുന്നത്. പുതിയ ഹൈസ്കൂളുകൾക്കല്ല. ഗവൺമെന്റ് ഈ കാര്യത്തിൽ തുറന്ന സമീപനമാണ് എടുത്തിട്ടുള്ളത്. പിന്നോക്ക വിഭാഗക്കാർക്ക് പരമാവധി മുൻഗണന കൊടുക്കുക. കോളേജുകൾ ഉണ്ട്, ഹൈസ്കൂളുകൾ ഇല്ല. എസ്.എൻ. മാനേജ്മെന്റിനും എം.ഇ.എസിനും ആ പ്രശ്നം ഉണ്ട്. എം.ഇ.എസിന് കോളേജുണ്ട് ഹൈസ്ക്കൂളുകൾ ഇല്ല. എസ്.എൻ. മാനേജ്മെന്റിന് കോളേജുണ്ട്. ഹൈസ്കൂൾ ഇല്ല. ഇത് ഗൗരവമായ ഒരു വിഷയമായി കണക്കാക്കി 14 സ്ഥലത്ത് കൊടുക്കാം എന്നുള്ളതാണ്. അത് നോട്ടിഫൈ ചെയ്ത് അടുത്തവർഷം അവിടെ സ്കൂളുകൾ കൊടുക്കുന്നതാണ്. അടുത്ത വർഷം കൊടുക്കാൻ തീരുമാനിച്ചു. ആ തീരുമാനത്തിൽനിന്നും പിറകോട്ടുപോകുന്നില്ല. അടുത്ത വർഷം അവിടെ സ്കൂളുകൾ തുടങ്ങും. സ്ഥലം നോട്ടിഫൈ ചെയ്തു. പറഞ്ഞ ഒരു വാക്കും ഗവൺമെന്റ് ലംഘിച്ചിട്ടില്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ പരമാവധി ഉണ്ടാക്കുക എന്നുള്ള സമീപനമാണ്. ഒരുലക്ഷം സീറ്റുണ്ടായിരുന്നിടത്ത് കഴിഞ്ഞവർഷം ഒരു ലക്ഷത്തി നാൽപ്പതിനായിരത്തിൽപ്പരം സീറ്റുകൾ. ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത് ഒരു ലക്ഷത്തിന്റെ സ്ഥാനത്ത് 2 ലക്ഷം പ്ലസ് ടു വിന് സീറ്റുണ്ടാകണമെന്നാണ്. ആ രണ്ടു ലക്ഷം സീറ്റുകൾ മൊത്തത്തിൽ ഉണ്ടായാൽ ഇവിടെ 10-ാം ക്ലാസ്സ് പാസ്സാകുന്ന കുട്ടികൾ ആകെ രണ്ടര ലക്ഷമേയുള്ളൂ. രണ്ടു ലക്ഷം സീറ്റ് പ്ലസ് ടു വിനുണ്ടായാൽ പിന്നെ എവിടെയാണ് പഠനസൗകര്യത്തിന്റെ കുറവ്? അതോടൊപ്പം വൊക്കേഷണൽ ഹയർസെക്കണ്ടറിക്ക് 20000

LIBRARY ARCHIVES Kerala Legislative Assembly

സീറ്റുണ്ട്. പോളിടെക്നിക്കുകളുണ്ട്. ഐ.ടി.സി.യുണ്ട്, മറ്റ് പാരാ മെഡിക്കൽ കോഴ്സുകളുണ്ട്. ഇതെല്ലാം കൂടി നോക്കുമ്പോൾ ഈ സംസ്ഥാനത്ത് പഠന സൗകര്യങ്ങൾ ഏറ്റവും കൂടുതൽ വർദ്ധിപ്പിച്ച ഒരു ഗവൺമെന്റായിരിക്കും ഇത്. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പഞ്ചായത്തുകൾ, വേടം പഞ്ചായത്ത്, ചെറുകാവ് പഞ്ചായത്ത്. ഇത്തരം പഞ്ചായത്തുകളെ പ്രത്യേകമായി പരിശോധിക്കുന്നതാണ്. ഇനി സ്കൂളുകൾ കൊടുക്കുമ്പോൾ അതിന് മുൻഗണന കൊടുക്കുന്നതാണ്. അതുകൊണ്ട് ഡീലിങ്കിംഗ് പരിപൂർണ്ണമാക്കിയതിനുശേഷം പരിഗണിക്കാം. പുത്തൻ സമീപനരേഖയെപ്പറ്റി അങ്ങ് പറഞ്ഞു. തെറ്റാണെന്നു ബോദ്ധ്യപ്പെട്ടത് ഗവൺമെന്റ് തിരുത്തി. ഈ ഗവൺമെന്റിന് യാതൊരു ഫാൾസ് പ്രസ്റ്റീജും ഇല്ല. തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ അപ്പോൾ അതു തിരുത്തും. പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചാലും ശരി, അതു തിരുത്തും. അത് തിരുത്തി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഏതായാലും ബഹുമാനപ്പെട്ട പി.കെ.കെ ബാവ പറഞ്ഞ അടിസ്ഥാനപരമായ കാര്യം ഞാൻ അംഗീകരിക്കുന്നു. കഴിഞ്ഞ 1980-നു ശേഷം സ്കൂളുകൾ അനുവദിക്കാത്ത ഒരു സമീപനം ഉണ്ടായിരുന്നു. 1991-ൽ വന്ന ഗവൺമെന്റിന്റെ കാലത്തും അനുവദിച്ചിട്ടില്ല. വളരെ തെറ്റായ ഒരു കാര്യമല്ലേ? കഴിഞ്ഞ ഗവൺമെന്റുകൾ ഒരൊറ്റ സ്കൂളുകൾപോലും അനുവദിച്ചിട്ടില്ല എന്ന് ഒരു ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. അതിന് കാരണങ്ങൾ ഉണ്ടാകും. ഏതു ഗവൺമെന്റിനും, കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ചെയ്യാത്തതിന് അതിന്റേതായ കാരണങ്ങൾ ഉണ്ടാകും. ഈ ഗവൺമെന്റ് ഇപ്പോൾ അനുവദിക്കാതിരിക്കുന്നതിനു കാരണം പ്ലസ് ടു വിന് ആണ് മുൻഗണന. അതു കഴിയുമ്പോൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്. അദ്ദേഹം ഉന്നയിച്ച ഈ പ്രത്യേക സ്ഥലങ്ങളെപ്പറ്റിയും പ്രത്യേകം പരിഗണിക്കുന്നതാണ്.

മി. ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം വളരെ നന്നായി. പക്ഷേ ചില പിന്നോക്ക പ്രദേശങ്ങളിൽ എൽ.പി. സ്കൂളും യു.പി. സ്കൂളും ആവശ്യമാണ്. അവിടെ കുട്ടികളും നാട്ടുകാരും വളരെ ബുദ്ധിമുട്ടുന്നുണ്ട്. അത് അങ്ങേയ്ക്ക് അറിയാം. അത് പരിഗണിച്ചാൽ തരക്കേടില്ല.

ശ്രീ. പി.ജെ. ജോസഫ് : ബഹുമാനപ്പെട്ട മെമ്പർക്കുപകരം ബഹുമാനപ്പെട്ട ഡെ. സ്പീക്കറാണ് ചോദ്യം ചോദിച്ചിരിക്കുന്നത്. അതുകൊണ്ട് ആ ഡീലിങ്കിംഗ് പൂർത്തിയാക്കിയാൽ .....

ശ്രീ പി.കെ.കെ. ബാവ : സർ, സമഗ്രമായ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും, എൽ.പി., യു.പി., ഹൈസ്കൂളുകൾ ആവശ്യമായ സ്ഥലങ്ങളിലൊക്കെ അത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഞാൻ ഇതിനോട് യോജിക്കുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ ഒന്നല്ല, അതിൽക്കൂടുതൽ ആവശ്യമുണ്ടെന്നു കണ്ടാൽ ഈ ഗവൺമെന്റ് അനുവദിക്കുന്നതാണ്. അതേസമയം ഇന്ന് അനധികൃതമായി നടക്കുന്ന കുറേ സ്കൂളുകൾ പൂട്ടിക്കുകയും ചെയ്യണം.

(2) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി : സർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തെ ഗൗരവമുള്ള ചില പ്രശ്നങ്ങൾ ഈ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നത്. 1982-83 വർഷമാണ് കേന്ദ്ര സഹായത്തോടെ കേരളത്തിൽ വൊക്കേഷണൽ ഹയർ

LIBRARY ARCHIVES Kerala Legislative Assembly